## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2225** **04.11.2019 - ൽ മറുപടിക്ക്.**

# അനർഹമായി റേഷൻവിഹിതം വാങ്ങുന്നവർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി പി. അയിഷാ പോറ്റി :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** അനർഹമായി മുൻഗണന, എ.എ.വൈ, പൊതുവിഭാഗം (സബ്സിഡി) എന്നീ കാർഡുകൾ കൈവശം വച്ച് റേഷൻവിഹിതം വാങ്ങുന്നവർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | **(എ)** വസ്തുതകൾ മറച്ചു വച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്ന തിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(ബി)** കൊട്ടാരക്കര താലൂക്കിൽ ഈ പട്ടികയിൽപ്പെട്ട എത്ര അനർഹരെ കണ്ടെത്തി എന്നുള്ളതിന്റെ വിശദാംശങ്ങളും അവർക്കെതിരെ സ്വീകരിച്ച നടപടികളും വിവരിക്കാമോ? | **(ബി)** കൊട്ടാരക്കര താലൂക്കിൽ ഇതിനകം 33 പേരുടെ കാർഡുകൾ പൊതു വിഭാഗത്തിലേക്ക് മാറ്റുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 2,28,806/- രൂപ പിഴ ഈടാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**